# 69/2011 - M

1. ഒരു ടൂത്ത് പേസ്റ്റിൽ 25% കൂടുതൽ എന്ന് എഴുതിയിരിക്കുന്നു. എത്ര ശതമാനം കിഴിവിന് തുല്യമാണ് ഇത് ?

   (A) 30 (B) 25 (C) 20 (D) 15

2. കോഡ് ഭാഷയിൽ 24 എന്നാൽ CAT എങ്കിൽ MAT ന്റെ കോഡ് എന്തായിരിക്കും ?

   (A) 34 (B) 35 (C) 36 (D) 37

3. Aയുടെ മകനാണ് E. B യുടെ മകനാണ് D. E, Cയെ വിവാഹം കഴിച്ചു. B യുടെ മകളാണ് C. എന്നാൽ E യുടെ ആരാണ് D ?

   (A) സഹോദരൻ (B) ഭാര്യാസഹോദരൻ

   (C) അമ്മാവൻ (D) ഭാര്യാപിതാവ്

4. മാർച്ച് 14 ഞായർ ആയ വർഷം നവംബർ 8 ഏത് ആഴ്ച ആയിരിക്കും .

   (A) ഞായർ (B) തിങ്കൾ (C) ചൊവ്വ (D) ശനി

5. ENAL എന്ന വാക്കിലെ അക്ഷരങ്ങൾ ഉപയോഗിച്ച് അർത്ഥവത്തായ എത്ര വാക്കുകൾ ഉണ്ടാക്കാം. ഒരക്ഷരം ഒരു പ്രാവശ്യം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

   (A) 4 (B) 3 (C) 2 (D) 1

6. ഒഴിവുള്ള സ്ഥലം പൂരിപ്പിക്കുക.

   മകൻ, ഭർത്താവ്, ________, ഭർതൃപിതാവ്, അപ്പൂപ്പൻ

   (A) ഭാര്യ (B) അമ്മ (C) യുവാവ് (D) പിതാവ്

7. FEBRUARY യെ YEARUBRF എന്നു മാറ്റി എഴുതുമ്പോൾ NOVEMBER നെ എങ്ങനെ എഴുതാം ?

   (A) REBMEVON (B) ROBEMVEN

   (C) ROBMEVFN (D) REBEMVON

8. ഒരാൾ തെക്കോട്ട് 3 കി.മീ നടന്നു. വലത്തോട്ട് തിരിഞ്ഞ് 1കി.മീ നടന്നു. തുടർന്ന് വലത്ത്, ഇടത്ത്, വലത്ത്, ഇടത്ത്, വലത്ത്, ഇടത്ത്, എന്നിങ്ങനെ ഓരോ കി.മീ. വീതം നടന്നു. അവസാനം അയാൾ പുറപ്പെട്ടിടത്തു നിന്ന് എത്ര അകലെ എത്തി ?

   (A) 4 കി.മീ (B) 3 കി.മീ (C) 10 കി.മീ (D) 7 കി.മീ

9. വ്യത്യസ്തമായത് ഏത് ?

(A) $\frac{2}{5}$ (B) 40% (C) 0.4 (D) 0.44

10. A, B, C, D എന്നിവർ ചീട്ടു കളിക്കുകയാണ്. A യും B യും ഒരു ടീം ആണ്. D വടക്കു ദിശയിലേക്ക് നോക്കിയിരിക്കുന്നു. എങ്കിൽ തെക്കു ദിശയിലേക്ക് നോക്കിയിരിക്കുന്നുത് ആര് ?

(A) A (B) B (C) C (D) D

11. പണ്ഡിറ്റ് രാം നാരായൺ ഏത് സംഗീത ഉപകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു ?

(A) ഗിത്താർ (B) സരോദ് (C) സാരംഗി (D) വയലിൻ

12. ചന്ദ്രയാൻ-II ഏത് രാജ്യത്തിന്റെ സഹകരണത്തോടെയാണ് പൂർത്തിയാക്കാൻ ഇന്ത്യ ലക്ഷ്യമിടുന്നത് ?

(A) അമേരിക്ക (B) ചൈന (C) ഫ്രാൻസ് (D) റഷ്യ

13. ചാരനിറത്തിലുള്ള പുസ്തകം ഏത് രാജ്യത്തിന്റെ ഔദ്യോഗിക രേഖയാണ് ?

(A) ഇന്ത്യ (B) റഷ്യ (C) ബെൽജിയം (D) ജർമ്മനി

14. ISRO സ്ഥാപിയ്ക്കപ്പെട്ട വർഷം?

(A) 1978 (B) 1979 (C) 1968 (D) 1969

15. 'ഈശ്വരൻ' എന്ന കൃതിയുടെ കർത്താവ് ?

(A) അരുന്ധതി റോയ് (B) ജ്യോതിബാഫുലെ

(C) മേധാ പട്കർ (D) ബഹുഗുണ

16. 'വിംസി' എന്നറിയപ്പെട്ട പത്രപ്രവർത്തകന്റെ യഥാർത്ഥ പേര് ?

(A) സി.വി. ബാലകൃഷ്ണൻ (B) വി.എം. ബാലചന്ദ്രൻ

(C) എം.ജെ. അക്ബർ (D) കുൽദീപ് നയ്യാർ

17. 2010 -ലെ ഓസ്ട്രേലിയൻ ഓപ്പൺ നേടിയ പുരുഷ താരം ?

(A) റോജർ ഫെഡറർ (B) ലിയാൻഡർ പെയ്സ്

(C) ഡെൽ പെട്രോ (D) റാഫേൽ നദാൽ

18. സാക്ഷരതയിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന ഇന്ത്യൻ സംസ്ഥാനം ?

(A) ഹിമാചൽ പ്രദേശ് (B) മധ്യപ്രദേശ്

(C) അരുണാചൽ പ്രദേശ് (D) ബീഹാർ

19. 2011 -ൽ ജനകീയരോഷത്തെ തുടർന്ന് സ്ഥാനമൊഴിയേണ്ടി വന്ന ഈജിപ്റ്റിലെ ഭരണാധികാരി?

(A) യാസർ അറാഫത്ത് (B) ഗദ്ദാഫി

(C) ഹൊസ്നി മുബാറക്ക് (D) അബ്ദുൽ നാസർ

20. ആദ്യമായി 'വാറ്റ്' നടപ്പിലാക്കിയ രാജ്യം ?

(A) ഇന്ത്യ (B) അമേരിക്ക (C) ഫ്രാൻസ് (D) റഷ്യ

21. അട്ടപ്പാടിയിൽ കൂടി ഒഴുകുന്ന നദി ?

(A) പാമ്പാർ (B) കബനി (C) കുന്തി (D) ശിരുവാണി

22. കേരളത്തിലാദ്യമായി വോട്ടിംഗ് യന്ത്രമുപയോഗിച്ച് തിരഞ്ഞെടുപ്പ് നടന്ന സ്ഥലം ?

(A) നോർത്ത് പറവൂർ (B) തിരുവനന്തപുരം വെസ്റ്റ്

(C) കാസർഗോഡ് (D) ആറ്റിങ്ങൽ

23. ആലപ്പുഴ നഗരം സ്ഥാപിച്ചതാര് ?

(A) രാജാ രവിവർമ്മ (B) രാജാ കേശവദാസ്

(C) രാമ രാജ ബഹദൂർ (D) രാജാ മാർത്താണ്ഡ വർമ്മ

24. കേരളത്തിലെ ചവിട്ടുനാടകം ഏതു രാജ്യത്തിന്റെ സംഭാവനയാണ് ?

(A) പോർട്ടുഗൽ (B) ബ്രിട്ടൻ (C) ഫ്രാൻസ് (D) നെതർലന്റ്

25. സി.വി കുഞ്ഞിരാമൻ ഏത് ദിനപത്രവുമായി ബന്ധപ്പെട്ട വ്യക്തിയാണ് ?

(A) മലയാള മനോരമ (B) മാതൃഭൂമി

(C) മാധ്യമം (D) കേരള കൗമുദി

26. ഇന്ത്യയിലെ 'ഓറഞ്ച് സിറ്റി' എന്നറിയപ്പെടുന്ന നഗരം?

(A) ബോംബെ (B) ജയ്പ്പൂർ (C) ഔറംഗബാദ് (D) കാശ്മീർ

27. ഇന്ത്യയിലെ 'ചുവന്ന നദി' എന്നറിയപ്പെടുന്ന നദി ?

(A) ഗംഗ (B) ബ്രഹ്മപുത്ര (C) ഗോദാവരി (D) യമുന

28. പ്രസിദ്ധമായ രാജമഹൽ കുന്നുകൾ ഏത് സംസ്ഥാനത്തിൽ സ്ഥിതിചെയ്യുന്നു ?

(A) ബംഗാൾ (B) ബീഹാർ (C) ഒറീസ്സ (D) ആസ്സാം

29. അഹമ്മദാബാദ് നഗരം ഏത് വ്യവസായവുമായി ബന്ധപ്പെട്ടിരിക്കുന്നു.

(A) ഉരുക്ക് (B) ചണം (C) പഞ്ചസാര (D) തുണി

30. ഇന്ത്യയിലെ ആദ്യത്തെ ടെലഗ്രാഫ് സമ്പ്രദായം ഏത് നഗരങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുള്ളതായിരുന്നു?

(A) ആഗ്ര - കൽക്കട്ട
(B) കൽക്കട്ട - ഡൽഹി
(C) കൽക്കട്ട - ബോംബെ
(D) ഡൽഹി - ആഗ്ര

31. ഓറൽ പോളിയോ വാക്സിൻ ആദ്യമായി കണ്ടെത്തിയതാര് ?

(A) ജോണാസ് സാക്ക്
(B) ഫ്ലമിംഗ്
(C) ആൽബർട്ട് സാബിൻ
(D) ലൂയി പാസ്ചർ

32. ഒരു ഒന്നാം വർഗ്ഗ ഉത്തോലകത്തിനുദാഹരണം :

(A) ചവണ
(B) കത്രിക
(C) നാരങ്ങാഞെക്കി
(D) പാക്കുവെട്ടി

33. കാറ്റ് വഴി വിത്ത് വിതരണം നടത്തുന്ന ഒരു സസ്യം ?

(A) തെങ്ങ് (B) കുരുമുളക് (C) ഇത്തിൾ (D) മുരിങ്ങ

34. 'ബ്രാസ്' ഏതൊക്കെ ലോഹങ്ങളുടെ സങ്കരമാണ് ?

(A) ചെമ്പ്, ഇരുമ്പ്
(B) ചെമ്പ്, സിങ്ക്
(C) ചെമ്പ്, ടിൻ
(D) ചെമ്പ്, അലുമിനിയം

35. ഹരിതകമുള്ള ജന്തുവേത് ?

(A) പാരമീസിയം (B) ഹൈഡ്ര (C) യൂഗ്ലീന (D) അമീബ

36. ആന്റിജൻ ഇല്ലാത്ത രക്തഗ്രൂപ്പ് :

(A) A ഗ്രൂപ്പ് (B) B ഗ്രൂപ്പ് (C) AB ഗ്രൂപ്പ് (D) O ഗ്രൂപ്പ്

37. ഇലകളിൽ നിർമ്മിക്കുന്ന ആഹാരം സസ്യത്തിന്റെ വിവിധഭാഗങ്ങളിൽ എത്തിക്കുന്ന കലയേത് ?

(A) ഫ്ലോയം (B) പ്രോട്ടോപ്ലാസം

(C) മൈറ്റോകോൺട്രിയ (D) സൈലം

38. ശരീരത്തിൽ രക്തത്തിന്റെ നിർമ്മാണത്തിനാവശ്യമായ ജീവകം ?

(A) ടോക്കോഫിറോൾ (B) ഹീമോഗ്ലോബിൻ

(C) ഫോളിക്കാസിഡ് (D) ഫില്ലോക്വിനോൺ

39. സയനൈഡ് പ്രക്രിയയിലൂടെ ശുദ്ധീകരിക്കുന്ന ലോഹം ?

(A) സ്വർണ്ണം (B) വെള്ളി (C) പ്ലാറ്റിനം (D) സിങ്ക്

40. ഡോട്ട് (DOT) എന്നത് ഏത് രോഗത്തിനുള്ള ചികിത്സാ രീതിയാണ് ?

(A) കുഷ്ഠം (B) ക്ഷയം (C) എയ്ഡ്സ് (D) കാൻസർ

41. അക്ബറിന്റെ ധനകാര്യമന്ത്രിയായിരുന്ന വ്യക്തി ?

(A) രാജാ വീർബൽ (B) രാജാ മാൻസിംഗ്

(C) രാജാ തോഡർമാൾ (D) രാജാ പ്രതാപ് സിംഗ്

42. ഇറ്റലിയിലെ ഫാസിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാവ് ?

(A) ഹിറ്റ്ലർ (B) അലക്സാണ്ടർ

(C) ബിസ്മാർക്ക് (D) മുസ്സോളിനി

43. ഇന്ത്യയിലെ ഒന്നാം സ്വാതന്ത്ര്യസമരം ഔദ്യോഗികമായി പൊട്ടിപ്പുറപ്പെട്ട സ്ഥലം ?

(A) ഡൽഹി (B) മീററ്റ് (C) പാനിപ്പത്ത് (D) ബോംബെ

44. വിക്ടോറിയ രാജ്ഞിയുടെ വിളംബരവുമായി ബന്ധപ്പെട്ട ആക്ട് ഏത് ?

(A) 1773 -ലെ ആക്ട് (B) 1757 -ലെ ആക്ട്

(C) 1857 -ലെ ആക്ട് (D) 1858 -ലെ ആക്ട്

45. ദത്തവകാശനിരോധന നയം നടപ്പാക്കിയതാര് ?

(A) വെല്ലസ്ലി (B) ഡൽഹൗസി (C) റിപ്പൺ (D) കഴ്സൺ

46. ബ്രിട്ടീഷ് ഇന്ത്യയിലെ ആദ്യത്തെ വൈസ്രോയി?

(A) ലിറ്റൺ (B) കോൺവാലിസ്

(C) ക്യാനിംഗ് (D) വേവൽ

47. ബർദ്ദോളി സത്യാഗ്രഹം നടന്ന വർഷം ?

(A) 1928 (B) 1929 (C) 1930 (D) 1931

48. ഗാന്ധിയൻ സമരവുമായി ബന്ധപ്പെട്ട ചമ്പാരൻ ഏത് സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്നു ?

(A) ബംഗാൾ (B) ആസ്സാം (C) ഗുജറാത്ത് (D) ബീഹാർ

49. 'ഏകദൈവ വിശ്വാസികൾക്കൊരു സമ്മാനം' എന്ന ഗ്രന്ഥം ആരുടെ രചനയാണ് ?

(A) M.D വാസുഭട്ടതിരി (B) V.T ഭട്ടതിരി

(C) രാജാറാം മോഹൻറോയ് (D) ആനിബസന്റ്

50. താഷ്ക്കന്റ് കരാറിൽ ഒപ്പിട്ട ഇന്ത്യൻ പ്രധാനമന്ത്രി ?

(A) ഇന്ദിരാഗാന്ധി (B) ലാൽ ബഹദൂർ ശാസ്ത്രി

(C) ജവഹർ ലാൽ നെഹ്റു (D) ചരൺസിംഗ്

51. 'ഗരീബി ഹഠാവോ' എന്ന മുദ്രാവാക്യം ഏത് പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ടതാണ്?

(A) 2-ാം പദ്ധതി (B) 3-ാം പദ്ധതി (C) 4-ാം പദ്ധതി (D) 5-ാം പദ്ധതി

52. ഇന്ത്യൻ ഭരണഘടനയിലെ നിർദ്ദേശങ്ങൾ ഏത് രാജ്യത്തിൽ നിന്നും സ്വീകരിച്ചതാണ് ?

(A) അയർലെന്റ് (B) ബ്രിട്ടൻ (C) ക്യാനഡ (D) അമേരിക്ക

53. ഇന്ത്യയിലെ ആദ്യത്തെ ഇൻഷുറൻസ് കമ്പനി ?

(A) ബോംബെ ഇൻഷുറൻസ് കമ്പനി

(B) കൽക്കട്ട ഇൻഷുറൻസ് കമ്പനി

(C) ഡൽഹി ഇൻഷുറൻസ് കമ്പനി

(D) ഇന്ത്യൻ ഇൻഷുറൻസ് കമ്പനി

54. ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ ബാങ്ക് ?

(A) SBT (B) UTI (C) SBI (D) ICICI

55. ദേശീയ അന്ധതാ നിവാരണ പദ്ധതി ആരംഭിച്ച വർഷം ?

(A) 1974 (B) 1975 (C) 1976 (D) 1977

56. ഭരണഘടനയുടെ ആർട്ടിക്കിൾ -24 പ്രകാരം നിരോധിയ്ക്കപ്പെട്ടത് ?

(A) ബാലവേല (B) ശൈശവ വിവാഹം

(C) സ്ത്രീധനം (D) സ്ത്രീപീഡനം

57. പട്ടികജാതിക്കാർക്കായി ഇന്ത്യൻ പാർലമെന്റിൽ എത്ര സീറ്റുകൾ സംവരണം ചെയ്യപ്പെട്ടിരിക്കുന്നു?

(A) 75 (B) 76 (C) 78 (D) 79

58. താഴെ കൊടുത്തിരിക്കുന്നവരിൽ മനുഷ്യാവകാശ പ്രവർത്തനവുമായി ബന്ധപ്പെട്ട വ്യക്തി ?

(A) വിമൽ ജലാൻ (B) ബീഗം ഹസ്രത്ത് മഹൽ

(C) അരുന്ധതി റോയ് (D) ഗുൽസാരിലാൽ നന്ദ

59. ലോക വനിതാ ദിനം :

(A) മാർച്ച് 7 (B) മാർച്ച് 8 (C) ജൂലൈ 7 (D) ജൂലൈ 8

60. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ?

(A) K.G അടിയോടി (B) K.G ബാലകൃഷ്ണൻ

(C) ഹമീദ് അൻസാരി (D) കപിൽ സിബൽ

61. Let me have a look, _________ ?

(A) do you (B) will you (C) have you (D) haven't you

62. Would you mind _________ .

(A) opening the window (B) open the window

(C) opened the window (D) to open the window

63. The teacher asked the students _________ .

(A) who are absent today (B) who were absent today

(C) who are absent that day (D) who were absent that day

64. Rajesh ________ the bank in 1990.

(A) has joined (B) have joined (C) is joined (D) joined

65. Have you got an electric blanket _________ your bed.

(A) in (B) at (C) on (D) for

66. He decided to fight for justice _________ .

(A) In all costs (B) at all costs (C) to all costs (D) from all costs

67. There is a policeman standing _________ .

(A) at the corner (B) in the corner

(C) on the corner (D) above the corner

68. If I have the money ________ a car.

(A) I would buy (B) I will buy

(C) I would have bought (D) bought

69. I always _________ my revision notes just before I go in to an examination.

(A) go in (B) go at (C) go over (D) go on

70. The belief that God is everything and everything is God ________ .

(A) Pantheism (B) Atheism (C) Monotheism (D) Polytheism

71. The word nearest in meaning to 'Futile', ________ .

(A) Fruitful (B) Profitable (C) Angry (D) Vain

72. The correctly spelt word is ________ .

(A) embarassment (B) embarrasment

(C) embarrassment (D) emberassment

73. The antonym of 'Barbarous' is ________ .

(A) Savage (B) Civilized (C) Rude (D) Harsh

74. 'Go to the dogs' means :

(A) be ruined (B) search

(C) go after the dogs (D) run fast

75. A fleet of 20 ________ .

(A) stars (B) ants (C) cattles (D) ships

76. Snakes ________ .

(A) Hoot (B) Hiss (C) Squeak (D) Grunt

77. ________ his popularity, he didn't win the election.

(A) Though (B) Although (C) Inspite of (D) Despite of

78. Copper is ________ useful metal.

(A) an (B) the (C) that (D) a

79 Teaching is a ________ profession.

(A) respectable (B) respective (C) respectful (D) respectfully

80. You had better ________ .

(A) locked the door (B) locking the door

(C) lock the door (D) to lock the door

81. 'അവൾ' ഏതു സർവനാമ വിഭാഗത്തിൽപ്പെടുന്നു ?
(A) ഉത്തമ പുരുഷൻ
(B) മധ്യമ പുരുഷൻ
(C) പ്രഥമ പുരുഷൻ
(D) ഇതൊന്നുമല്ല

82. 'ആയിരത്താണ്ട്' സന്ധിയേത്?
(A) ലോപം
(B) ദ്വിത്വം
(C) ആഗമം
(D) ആദേശം

83. ശരിയായ വാക്യമേത് ?
(A) പ്രായാധിക്യമുള്ള മഹാവ്യക്തികളെ നാം ബഹുമാനിച്ചേ പറ്റൂ
(B) പ്രായാധിക്യം ചെന്ന മഹാവ്യക്തികളെ നാം തീർച്ചയായും ബഹുമാനിച്ചേ പറ്റൂ
(C) പ്രായാധിക്യം ചെന്ന മഹത്‌വ്യക്തികളെ നാം തീർച്ചയായും ബഹുമാനിച്ചേ പറ്റൂ
(D) പ്രായാധിക്യം ചെന്ന മഹാവ്യക്തികളെ നാം ബഹുമാനിച്ചേ പറ്റൂ

84. ശരിയായ പദമേത് ?
(A) അന്തഛിദ്രം
(B) അന്തച്ഛിദ്രം
(C) അന്തശ്ഛിദ്രം
(D) അന്തശ്ഛിദ്രം

85. 'കാറ്റ്' പര്യായമല്ലാത്തതേത് ?
(A) അനിലൻ
(B) അനലൻ
(C) പവനൻ
(D) പവമാനൻ

86. 'ആടുജീവിതം' രചയിതാവാര് ?
(A) സക്കറിയ
(B) ആനന്ദ്
(C) മേതിൽ രാധാകൃഷ്ണൻ
(D) ബെന്യാമിൻ

87. 'കോവിലൻ' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നതാര് ?
(A) എ.അയ്യപ്പൻ
(B) വി.വി.അയ്യപ്പൻ
(C) അയ്യപ്പൻപിള്ള
(D) എം. അച്യുതൻ

88. പ്രഥമ എഴുത്തച്ഛൻ പുരസ്ക്കാരം ലഭിച്ചത് ആർക്ക് ?
(A) ബാലമണിയമ്മ
(B) വള്ളത്തോൾ
(C) ഇളംകുളം കുഞ്ഞൻപിള്ള
(D) ശൂരനാട് കുഞ്ഞൻപിള്ള

89. ശരിയായ പരിഭാഷയേത് ?

Necessity can make even the timid brave.

(A) ആവശ്യം വന്നാൽ ഒന്നിനും കൊള്ളാത്തവനും ധീരനാകും

(B) ഒന്നിനും കൊള്ളാത്തവനും ആവശ്യം വന്നാൽ ധീരനാകും

(C) ധീരനല്ലാത്തവനും ആവശ്യം വന്നാൽ ധീരനാകും

(D) ആവശ്യം വന്നാൽ ധീരനും ഒന്നിനും കൊള്ളാത്തവനാകും

90. "It is better to die like a lion than to live like an ass" സമാനമായ പഴഞ്ചൊല്ലേത് ?

(A) ഒരു സിംഹമായി ജീവിക്കുന്നതാണ് ഒരു കഴുതയായി ജീവിക്കുന്നതിലും നല്ലത്

(B) ഒരു സിംഹം മരിക്കുന്നതിനേക്കാൾ നല്ലത് ഒരു കഴുത മരിക്കുന്നതാണ്

(C) ഒരു സിംഹമായി മരിക്കുന്നതാണ് ഒരു കഴുതയായി ജീവിക്കുന്നതിലും നല്ലത്

(D) ഒരു സിംഹം മരിക്കുന്നതിനേക്കാൾ വേഗത്തിൽ ഒരു കഴുത മരിക്കുന്നു.

91. ഒരു ക്ലാസിലെ 40 കുട്ടികളുടെ ശരാശരി വയസ് 10 ആണ്. ടീച്ചറുടെ വയസു കൂടി കൂട്ടിയാൽ ശരാശരി വയസ് 11 ആകും ടീച്ചറുടെ വയസ് എത്ര ?

(A) 40 (B) 51 (C) 42 (D) 44

92. 50,000 രൂപ 8% വാർഷിക നിരക്കിൽ ഒരു ബാങ്കിൽ നിക്ഷേപിക്കുന്നു . രണ്ടു വർഷത്തേക്കു കിട്ടുന്ന കൂട്ടു പലിശ എത്ര ?

(A) 4,000 (B) 4,320 (C) 8,320 (D) 320

93. അച്ഛന്റെയും മകന്റെയും ഇപ്പോഴത്തെ വയസിന്റെ അനുപാതം 6:1 ആണ്. അഞ്ച് വർഷം കഴിഞ്ഞ് അവരുടെ വയസിന്റെ അനുപാതം 7:2 ആകും. മകന്റെ ഇപ്പോഴത്തെ വയസ് എത്ര?

(A) 4 (B) 5 (C) 6 (D) 10

94. സജിൻ 800 മീറ്റർ നീളമുള്ള ഒരു പാലം 8 മിനിറ്റു കൊണ്ട് നടന്നു എന്നാൽ സജിന്റെ വേഗം കി.മീ / മണിക്കൂറിൽ എത്ര?

(A) 6 (B) 6.2 (C) 7.6 (D) 8

95. ഒരു ജോലി ചെയ്തു തീർക്കാൻ അശോകിന് 9 ദിവസവും ആദർശിന് 15 ദിവസവും അനുവിന് 10 ദിവസവും വേണം. മൂന്നു പേരും കൂടി എത്ര ദിവസം കൊണ്ട് ഈ ജോലി ചെയ്തു തീർക്കും.

(A) 4 (B) $3\frac{3}{5}$ (C) $3\frac{1}{3}$ (D) 3

96. ഒരു സംഖ്യയുടെ 75% ത്തോട് 75 കൂട്ടിയാൽ അതേ സംഖ്യ കിട്ടുന്നു. സംഖ്യ ഏത് ?

(A) 750 (B) 250 (C) 150 (D) 300

97. പ്രവീൺ 20,000 രൂപയ്ക്കു വാങ്ങിയ ബൈക്ക് 25,000 രൂപയ്ക്കു വിറ്റു. ലാഭശതമാനം എത്ര?

(A) 15 (B) 20 (C) 25 (D) 30

98. ഒരു സമചതുരത്തിന്റെ വികർണത്തിന്റെ നീളം 50 സെ.മീ. ആയാൽ അതിന്റെ വിസ്തീർണം.

(A) 1250 $cm^2$ (B) 2500 $cm^2$ (C) 1768 $cm^2$ (D) 884 $cm^2$

99. തുടർച്ചയായ രണ്ട് ഇരട്ട സംഖ്യകളുടെ വർഗങ്ങളുടെ വ്യത്യാസം 132 ആണ്. സംഖ്യകൾ - ഏവ?

(A) 28, 30 (B) 30, 32 (C) 34, 36 (D) 32, 34

100. 13, 17, 19, 23 , ?

(A) 27 (B) 29 (C) 28 (D) 26

- o 0 o -